പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 843 — 07/02/2013-ൽ മറുപടിയ്ക്ക്

**ഗുരുവായൂർ ക്ഷേത്ര സുരക്ഷ**

**ചോദ്യം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ.
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. എ. പ്രദീപ് കുമാർ

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) ഗുരുവായൂർ ക്ഷേത്ര സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | എ) ഭക്തജനങ്ങളെ നിയന്ത്രിക്കുന്നതിനായി സ്റ്റീൽ ബാരിക്കേട് നിർമ്മിയ്ക്കൽ, ഡി.എഫ്.എം.ഡി.കൾ സ്ഥാപിയ്ക്കൽ, സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭഗവതി ക്ഷേത്ര കവാടത്തിൽ DFMD, HHMD എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നുണ്ട്. ക്ഷേത്രത്തിൻെറ തെക്കുഭാഗത്ത് വാഹനങ്ങളുടെ പ്രവേശനം നിയന്ത്രിക്കുന്നതിന് ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്രകുളത്തിലേക്ക് പ്രവശിക്കുന്നവരെ നിരീക്ഷിക്കുന്നതിന് വിമുക്ത ഭടൻമാരുടെ സേവനം ദേവസ്വം ലഭ്യമാക്കിയിട്ടുള്ളതും പ്രസാദ ഊട്ടുപുരയിലേയ്ക്ക് പ്രവേശിക്കുന്നവരെ DFMD സ്ഥാപിച്ച് കർശന പരിശോധന നടത്തിവരുന്നുമുണ്ട്. തീപിടുത്തം തടയുന്നതിന് ഫയർ എക്സ്റ്റിംഗുഷറുകൾ സ്ഥാപിച്ചിട്ടുള്ളതും ക്ഷേത്ര നാലമ്പലത്തിനുള്ളിൽ മണ്ഡപത്തിനു സമീപം തിരക്കു നിരീക്ഷിക്കുന്നതിന് സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു, ക്ഷേത്രത്തിനകത്തും പുറത്തുമായി 96 സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ച് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. ക്ഷേത്ര പരിസരത്ത് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിയി സായുധപോലീസുകാരെ നിയോഗിച്ചിട്ടുണ്ട്, സുരക്ഷാ സംവിധാനങ്ങൾ ഏകോപിപ്പിച്ച് നിരീക്ഷിക്കുന്നതിന് കൺട്രോൾ റൂം സ്ഥാപിച്ചു, എല്ലാ ദേവസ്വം ജീവനക്കാർക്കും ഐ.ഡി. കാർഡുകൾ ലഭ്യമാക്കുകയും ജോലി സമയത്ത് ഉപയോഗിക്കുന്നതിനുള്ള കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്, സുരക്ഷാ ജീവനക്കാർക്ക് വാക്കി-ടാക്കി വാങ്ങിനൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു, അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാനുള്ള എമർജൻസി എക്സിറ്റ് ഗേറ്റായി തെക്കെ വാതിൽ ഉപയോഗിച്ചുവരുന്നു. കൂടാതെ ഫയർ ഹൈഡ്രൻറുകൾ, ഫയർ പമ്പ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | ബി)<br>സി) | നടപ്പിലാക്കിവരുന്നു. ക്ഷേത്ര മതിൽ കെട്ടിനുള്ളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടികളും ക്ഷേത്ര സുരക്ഷയ്ക്കായി ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും, സ്കാനറുകൾ സ്ഥാപിക്കുന്നതുവരെ ഭക്തജനങ്ങൾ കൊണ്ടുവരുന്ന ചെറിയ ബാഗുകൾ പരിശോധിക്കുന്നതിന് ബോംബു സ്ക്വാഡിൻെറ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. |
| സി) | പൂർത്തീകരിച്ച കാര്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | | |
| ഡി) | ടെമ്പിൾ പോലീസ് സ്റ്റേഷൻ പദ്ധതി ഏതു ഘട്ടത്തിലാണ്; | ഡി) | നിലവിൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തിയ ശേഷം അവിടെ നിർദ്ദിഷ്ട ഗുരുവായൂർ ടെംപിൾ പോലീസ് സ്റ്റേഷൻ സ്ഥാപിയ്ക്കുന്നതിനും ഇപ്പോഴത്തെ ഗുരുവായൂർ പോലീസ് സ്റ്റേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്തി അവിടെയ്ക്ക് മാറ്റുന്നതിനും ഉന്നതലയോഗത്തിൽ തീരുമാനമായിട്ടുണ്ട്. |
| ഇ) | സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ സുരക്ഷയ്ക്കായി പൊതുവായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ ? | ഇ) | പ്രത്യേക പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും അതീവ സുരക്ഷ വേണ്ടുന്ന ക്ഷേത്രങ്ങളിൽ സുരക്ഷ നിർവ്വഹിക്കുന്നത് സംസ്ഥാന പോലീസാണ്, ആയതിലേക്ക് മെറ്റൽ ഡിറ്റക്ടറുകൾ, സ്കാനറുകൾ എന്നിവ സ്ഥാപിച്ച് സായുധകാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ സുരക്ഷയ്ക്കായി അതത് ദേവസ്വങ്ങളിലെ വാച്ചർമാരും, തകിൽ, നാദസ്വരം, പഞ്ചവാദ്യം, കഴകം എന്നീ ലാവണങ്ങളിൽപ്പെട്ട ഏതെങ്കിലും ക്ഷേത്ര ജീവനക്കാരനും ദേവസ്വത്തിൽ രാത്രികാല ഡ്യൂട്ടി (കിടമുറ) നോക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും, സ്ട്രോങ് റൂമുകൾക്ക് സംരക്ഷണം നൽകാൻ വേണ്ടി ദേവസ്വം ഗാർഡുമാരെ നിയോഗിച്ചിട്ടുള്ളതുമാണ്. അലാറാം സംവിധാനവും, സ്ട്രോങ് റൂം സൗകര്യവും, സെക്യൂരിറ്റി ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ